**"ഭരണഭാഷ - മാതൃഭാഷ"**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിഭാഗം
ഹൗസിങ്ബോർഡ് ബിൽഡിങ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
Ph. 0471-2325323
e-mail:dirvhse@yahoo.com

നമ്പർ:സി3/7300/2017 തീയതി, 28/09/2020

## സർക്കുലർ

സൂചന -1) GO(Rt)No.3095/2012/Gl.Edn TVPM Dated 02/07/2012
2) GO(MS)No.283/12/Gl.Edn TVPM Dated 14/09/2012
3) GO(MS)No.18/13/Gl.Edn TVPM Dated 18/01/2013
4) GO(Rt)No.2361/2020/Gl.Edn TVPM Dated 28/07/2020

വിഷയം: സംസ്ഥാന സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ ആനാഥാലയങ്ങളിലേയും കുട്ടികൾക്ക് വി. എച്ച്.എസ്.ഇ 1-ാം വർഷ പ്രവേശനം നൽകുന്നത് സംബന്ധിച്ച്: പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ.

സൂചനയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം , സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്ക് അവർ അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റിൽ പ്രവേശനം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിദ്യാർത്ഥികൾ സാമൂഹ്യ ക്ഷേമവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് വകുപ്പ് തലവന്മാർ ഉറപ്പ് വരുത്തുവാനും നിർദ്ദേശിച്ചിരുന്നു.

ഇതോടൊപ്പം തന്നെ , ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ ആനാഥാലയങ്ങളിലേയും മറ്റ് സ്ഥപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്ക് അവർ അപേക്ഷിക്കുന്ന സ്കൂളിൽ അപേക്ഷിക്കുന്ന കോഴ്സിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിദ്യാർത്ഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് വകുപ്പതലവന്മാർ ഉറപ്പ് വരുത്തുവാനും ഏകജാലക സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ അഡ്മിഷൻ നടത്തുവാനും നിർദ്ദേശിച്ചിരുന്നു.

സൂചന 3 ഉത്തരവ് പ്രകാരം മേൽ ഉത്തരവുകളുടെ പ്രാബല്യം 2012-13 അധ്യായന വർഷം മുതൽ എന്നാക്കി ഉത്തരവായിട്ടുള്ളതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലേയും ക്ഷേമ സ്ഥാപനങ്ങളിലേയും അന്തേവാസികളായ വിദ്യാർത്ഥികൾക്കും ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന എല്ലാ അനാഥാലയങ്ങളിലേയും മറ്റ് സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾക്കും ഏക ജാലക സംവിധാനത്തിൽ അപേക്ഷിച്ചിട്ടും അവസാന അലോട്ട്മെന്റ് വരെയും പ്രവേശനം ലഭിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം അവർ അന്തേവാസികളായ സ്ഥാപന മേധാവി/സൂപ്രണ്ട് നൽകുന്ന പ്രസ്തുത വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പ്രസ്തുത വിദ്യാർത്ഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന ജില്ലാ സോഷ്യൽ ജസ്റ്റിസ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച്, അപേക്ഷിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ അപേക്ഷിക്കുന്ന കോഴ്സിന് ഏക ജാലക സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ പ്രവേശനം നൽകേണ്ടതാണ്.

ഇപ്രകാരം പ്രവേശനം നൽകുന്നതിന് മതിയായ സീറ്റ് ലഭ്യമല്ലെങ്കിൽ , സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധം അധിക സീറ്റ് സൃഷ്ടിച്ച് നൽകുന്നതാണ്.

ഇപ്രകാരം പ്രവേശനം നൽകുന്ന വിദ്യാർത്ഥികൽക്ക് സൂചന 4 പ്രോസ്പക്റ്റസിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവേശന യോഗ്യത ഉണ്ടെന്നും ടി സ്ഥാപനങ്ങളിലെ അന്തേവാസികളാണെന്നും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഇത്തരത്തിലുള്ള പ്രവേശന വിവരങ്ങൾ അപേക്ഷാ നമ്പർ , അഡ്മിഷൻ നമ്പർ , അഡ്മിഷൻ നൽകിയ തിയതി , പ്രവേശനം നൽകിയ കോഴ്സും കോഡും , അഡ്മിഷൻ രജിസ്റ്ററിലെ നിർദ്ദിഷ്ട പേജ് എന്നിവ അടങ്ങിയ പ്രിൻസിപ്പാളിന്റെ റിപ്പോർട്ടും യോഗ്യത സർട്ടിഫിക്കറ്റ് , പ്രസ്തുത വിദ്യാർത്ഥികൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ളവരാണെന്ന് തെളിയിക്കുന്ന ജില്ലാ സോഷ്യൽ ജസ്റ്റീസ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് (വി.എച്ച്.എസ്.ഇ വിഭാഗം) അയച്ചു കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പുകൾ-

1. എല്ലാ സ്കൂൾ പ്രിൻസിപ്പാൾമാർക്കും
(മേഖല അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന)
2. ഓഫീസ്കോപ്പി/ കരുതൽ ഫയൽ